the Municipality for the last 2½ years. The final recommendation of the Municipality on the scheme was received by Government in December last.

POTTERIES—P. C. R. WORKS IN—ENTRUSTMENT WITHOUT TENDER

236. മിസ്റ്റർ സി. കെ. എസ്സ്. മണി: താഴെ പറയുന്ന ചോദ്യത്തിന്ന ഗവണ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) കൊച്ചി ഗവണ്മെണ്ട പോട്ടറീസ് ക്ലലിക്ക കൊടുത്തതിന്നശേഷം അവിടത്തെ പി. സി. ആറിന്നും മറ്റുമായി ഇതേവരെ എത്ര സംഖ്യ ചിലവു ചെയ്തിട്ടുണ്ട്; ആ ചിലവുകളുടെ ഇനവിവരം കാണിക്കുന്ന ഒരു പട്ടിക തരുവാൻ ദയവുണ്ടാകുമോ;

(ബി) ആ പണികളും ആക്കാണ കൺട്രാക്ട കൊടുത്തതു;

(സി) അതിന്ന ടെണ്ടർ ക്ഷണിച്ചിരുന്നുവോ?

മിസ്റ്റർ പി. വി. റാഫേൽ:

(എ) ൧,൪൪൦ക. ഇതിൽ ൪൦ക. ഫാക്ടറി കെട്ടിടത്തിന്റെ മുകളിലത്തെ നിലയിലുള്ള പച്ചകുഴലുകളും മാറുന്നതിന്നും, ൧,൪൦൦ക. താഴെ പറയുന്ന പണികൾക്കുമാണ്.

(൧) ഗ്രൈണ്ടിങ്ങ് സിലണ്ടറിന്ന ബെൽഗാർഡ് ഉണ്ടാക്കുക.

(൨) കോണിപ്പടിയുടെ അഴികളും നന്നാക്കുക.

(൩) ഒരു ഷെഡിന്റെ മേൽപുര നന്നാക്കുക.

(൪) കിണറിന്ന ചുറുമുള്ള മതിൽ പൊക്കം കൂട്ടുക.

(൫) ഫാക്ടറികെട്ടിടം വെള്ളയടിക്കുക.

(൬) ഗ്രൈണ്ടിങ്ങ് സിലണ്ടറിന്റെ പല്ലുചക്രത്തിന്ന ഗാർഡ് ഉണ്ടാക്കുക.

(൭) ബൊയിലറിന്മേൽ ഇൻസ്പെക്ഷൻ സ്റ്റാൻഡേർഡ് പ്രഷർഗേജ് ഉണ്ടാക്കുക.

(൮) ൩ ചൂളകളും നന്നാക്കുക.

(൯) പഗ്മിൽ നന്നാക്കുക.

(൧൦) പറമ്പ് ചെത്തി നന്നാക്കി നിരപ്പുവരുത്തുക.

(൧൧) ഫാക്ടറി കെട്ടിടത്തിന്റെ ഒരു ഭാഗം ശീമക്കുമ്മായം ഇടുക.

(൧൨) ആപ്പീസ്സ് കെട്ടിടത്തിന്റെ പി. സി. ആർ. പണികളും നടത്തുക.

(൧൩) ഒരു മൂത്രവിസർജ്ജനസ്ഥലം ഉണ്ടാക്കുക.

(ബി) ഈ പണികളും ഇപ്പോൾ പോട്ടറി നടത്തുന്ന കമ്പനിക്കാക്കാണ കൺട്രാക്ട് കൊടുത്തതു.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

Mr. A. V. Moothedan *(Chalakkudi):* Sir, it is seen that about Rs. 1,500 have been spent for this building which has been leased to contractors. What I want to say is, you should insist upon the management to see that the labourers there are well treated. It is said that even the reasonable demands of the labourers have been refused by the management.

മിസ്റ്റർ കെ. എസ്സ്". പണിക്കർ: ചോദ്യം (എ) "കൊച്ചി ഗവമ്മെണ്ടു പോട്ടറീസ്സു ക്ലലിക്കുകൊടുത്തതിന്നുശേഷം അവിടത്തെ പി. സി. ആറിന്നും മറ്റുമായി ഇതേവരെ എത്ര സംഖ്യ ചിലവുചെയ്തിട്ടുണ്ടു". ആ ചിലവുകളുടെ ഇനവിവരം കാണിക്കുന്ന ഒരു പട്ടിക തരുവാൻ ദയവുണ്ടാകുമോ ?" എന്നാണു". എന്നാൽ ചിലവു വിവരം കാണിക്കുന്ന ഒരു പട്ടിക ഇതിലില്ല. ചിലവുകളുടെ ഇനമല്ലാതെ ഓരോ ഇനത്തിലും ഇത്ര സംഖ്യ ചിലവുചെയ്തിട്ടുണ്ടെന്നു" ഇതിൽ കാണിച്ചിട്ടില്ല. ഗ്രൌണ്ടിങ്ങു" സിലണ്ടറിന്നു ബെൽഗാർഡു" ഉണ്ടാക്കുക, കോണിപ്പടിയുടെ അഴികൾ നന്നാക്കുക എന്നു പറഞ്ഞിട്ടുണ്ടു". ഇതിനോരോനിനും എത്ര രൂപാവീതം ചിലവുചെയ്തിട്ടുണ്ടെന്നു" അറിയുവാനാണു ചോദ്യം ചോദിച്ചിട്ടുള്ളതു". ഈ പട്ടികയിൽ അതു കാണുന്നില്ല. അതിന്നുള്ള കാരണമെന്താണെന്നു പറയുവാൻ ദയവുണ്ടാകുമോ ?

Mr. P. V. Raphael *(Joint Secretary to Government):* I can submit for the information of the Hon'ble Members that estimates have been prepared for these works. But we have given the list of works here and the total amount. The details will all be shown in the estimates prepared for the works.

മിസ്റ്റർ കെ. എസ്സ്". പണിക്കർ: പഗ്മിൽ നന്നാക്കുന്നതിന്നു" എത്ര ചിലവുചെയ്യുവാൻ വെച്ചിട്ടുണ്ടു"; ഇതു വരെ വല്ല കമ്പനിക്കാരെക്കൊണ്ടും ചെയ്യിക്കുവാൻ ഗവമ്മെണ്ടു നോക്കീട്ടുണ്ടോ ?

Mr. P. V. Raphael *(Joint Secretary to Government):* The fact of the matter is that this was estimated by the Department of Public Works at about Rs. 1,880. The manager of the factory undertook to do it for the amount now given, that is, Rs. 1,550, and Government thought that for the expeditious management of the factory it was better to entrust the work to him. That was how it was done.

മിസ്റ്റർ കെ. അയ്യപ്പൻ: റിപ്പയർ ശരിക്കു ചെയ്തിട്ടുണ്ടോ എന്നുള്ളതിന്നു ഗവമ്മെണ്ടു ചെക്കുമെഷർ ചെയ്തുകയൊ മറ്റൊ ഉണ്ടായിട്ടുണ്ടോ ?

Mr. P. V. Raphael *(Joint Secretary to Government):* Yes, Sir. The Chief Engineer has checkmeasured the works.

മിസ്റ്റർ കെ. എസ്സ്". പണിക്കർ: ഈ ഫാക്ടറി ഗവമ്മെണ്ടു നടത്തിയിരുന്നകാലത്തെപ്പോലെ വക്കിങ്ങു" ആർഡറിലല്ലേ കമ്പനിയെ ഏല്പിച്ചുകൊടുത്തതു"?

Mr. P. V. Raphael *(Joint Secretary to Government):* These repairs were all executed to put the factory in a working condition before it was transferred to this management.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഗവമ്മെണ്ടു നടത്തിയിരുന്ന കാലത്തു് ഇതു വക്കിംഗ് ആർഡറിലായിരുന്നവൊ ?

മിസ്റ്റർ പി. വി. റാഫേൽ: പൂർണ്ണമായി അല്ലായിരുന്നു. അതു കമ്പനിയെ ഏല്പിച്ചു കൊടുത്തപ്പോൾ റിപ്പയർചെയ്യ കൊടുക്കേണ്ട ചുമതലയുണ്ടായിരുന്നതു കൊണ്ടാണു് ഇങ്ങിനെ കൊടുത്തതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഗവമ്മെണ്ടു നടത്തിയിരുന്നകാലത്തു് ഇതിന്റെ എല്ലാഭോഗങ്ങളും വക്ബിധം ആയിരുന്നവൊ എന്നു ഗവമ്മെണ്ടു നോക്കീട്ടുണ്ടൊ ?

മിസ്റ്റർ പി. വി. റാഫേൽ: ഗവമ്മെണ്ടു കമ്പനിയെ ഏല്പിക്കുമ്പോൾ ഫാക്ടറി ഫുള്ളായിട്ടു വക്കുചെയ്തിരുന്നില്ല. അതു ശരിയാക്കിയാണു് ഇപ്പോൾ അവരെക്കൊണ്ടു ചെയ്യിക്കുന്നതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: പി. സി. ആർ. വക്സു് ചെയ്തപ്പോൾ അവർ ഗവമ്മെണ്ടിന്റെ സാധനങ്ങൾ വല്ലതും ഉപയോഗിച്ചിട്ടുണ്ടൊ എന്നന്വേഷിച്ചിട്ടുണ്ടൊ ?

മിസ്റ്റർ പി. വി. റാഫേൽ: ചിലതെല്ലാം ഉപയോഗിച്ചിട്ടുണ്ടു്. അതിനു് അവരോടു സംഖ്യയും വസൂലാക്കീട്ടുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: മൂന്നു ചൂളകൾ നന്നാക്കുക എന്നു പറഞ്ഞിട്ടുണ്ടു്. ഇതു പൊളിച്ചുകളഞ്ഞു നന്നാക്കിയൊ അതൊ പൊളിച്ചുകളയാതെ ഉള്ളകേടുമാത്രം തീർത്തുനന്നാക്കിയൊ ?

മിസ്റ്റർ പി. വി. റാഫേൽ: ആവശ്യമില്ലാത്തതൊക്കെ പൊളിച്ചുകളഞ്ഞു പുതുതാക്കി; ചിലതൊക്കെ കേടുതീർത്തു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: പൊളിച്ച ചൂളയുടെ സാമാനങ്ങൾ വല്ലതും ലേലംവിളിക്കുകയുണ്ടായിട്ടുണ്ടൊ ?

മിസ്റ്റർ പി. വി. റാഫേൽ: അതിനു വില നിശ്ചയിച്ചു് അവരോടു വാങ്ങിച്ചിട്ടുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അതിനുള്ള സംഖ്യ ഈ ൧, ൫ ൫ ൦ ക. യിൽനിന്നു കിഴിച്ചിട്ടുണ്ടൊ ?

മിസ്റ്റർ പി. വി. റാഫേൽ: ഉവ്വു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ പി. സി. ആർ. വക്കിന്നു് എടുത്ത ഗവമ്മെണ്ടിന്റെ സാധനങ്ങൾക്കു് എത്ര ചിലവായിട്ടുണ്ടെന്നു പറയുവാൻ വിരോധമുണ്ടൊ ?

മിസ്റ്റർ പി. വി. റാഫേൽ: അതിനു വിരോധമില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: എന്തുകൊണ്ടാണു് ഈ പണി ടെണ്ടർ വിളിക്കാതെ കൊടുത്തതു് ?

മിസ്റ്റർ പി. വി. റാഫേൽ: ഇവരായാൽ കഴിയുന്നതും വേഗം പണിചെയ്തു ഫാക്ടറി ഉടനെ വക്കിംഗ് കണ്ടീഷനിൽ ആക്കിക്കൊടുക്കാമെന്നുദ്ദേശിച്ചാണു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ: റിപ്പയറിംഗിനു് എത്ര ചിലവു വരുമെന്നു് ആദ്യമെ എസ്റ്റിമേറു ഉണ്ടാക്കീട്ടുണ്ടൊ?

മിസ്റ്റർ പി. വി. റാഫേൽ: ഉവ്വു്.

INSTALLATION AT MATTANCHERI

237. Mr. A. B. Salem *(Mattancheri):* Will Government be pleased to state.—

(*a*) the year and date of the first Installation Durbar held at the Mattancheri Palace with the names of the Residents or British Agents and that of His Highness who was first installed there on the Musnad of Cochin;

(*b*) how many Rajas and Maharajas have been installed at the Mattancheri Palace, with the dates of the Installation ceremonies held there?

Mr. P. V. Raphael *(Joint Secretary to Government):*

(*a*) The first Installation Durbar held at the Mattancheri Palace was on 20th August 1828. His Highness Rama Varma was installed then on the Musnad by Col. W. Morison, British Resident.

(*b*) Eight Rajas and two Maharajas have been installed at the Mattancheri Palace on the following dates.—

(1) 20th August 1828
(2) 7th December 1837
(3) 21st June 1844
(4) 11th October 1851
(5) 5th May 1853
(6) 28th March 1864
(7) 23rd July 1888
(8) 23rd October 1895
(9) 21st January 1915
(10) 1st June 1932.

EXPENDITURE ON STATE GUESTS IN 1114, 1115 AND 1116

238. Mr. T. A. Ramachandra Ayyar *(Nellayi):* Will Government be pleased to state the amount spent for State Guests and visitors in the years 1114, 1115 and 1116 respectively?

LIBRARY ARCHIVES Kerala Legislative Assembly